(ഡി) സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ദുരിതബാധിതർക്ക് ലഭ്യമാക്കാനും പുനരധിവാസം സമയബന്ധിതമായി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സുനാമിബാധിത പ്രദേശങ്ങൾക്കായി കേന്ദ്ര സർക്കാർ "രാജീവ് ഗാന്ധി പദ്ധതി" ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം കേരളത്തിന് സുനാമി ദുരിതബാധിത പ്രദേശങ്ങളിൽ വിവിധ പ്രവർത്തനങ്ങൾക്കായി 249.36 കോടി രൂപയുടെ സഹായം അനുവദിച്ചിട്ടുണ്ട്. ഈ സഹായത്തിന്റെ ആദ്യഗഡുവായ 100 കോടി രൂപ മാത്രമേ കേരള സർക്കാരിന് ഇതുവരെ ലഭിച്ചിട്ടുള്ളൂ.

ഈ തുക വിവിധ വകുപ്പുകളിലൂടെ സുനാമി ദുരിതബാധിത പ്രദേശങ്ങളിൽ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

(ബി) സുനാമിദുരന്തത്തെത്തുടർന്ന് വീട് നഷ്ടപ്പെട്ടവരെ വിവിധ സാമൂഹ്യ-സന്നദ്ധ-രാഷ്ട്രീയസംഘടനകളുടെ സഹായത്തോടെ സ്വന്തം സ്ഥലത്തും, ദുരന്തബാധിതമേഖലയിൽനിന്നും മാറ്റി പാർപ്പിക്കേണ്ടവരെ സർക്കാർ വാങ്ങി നൽകിയ സ്ഥലത്തും വീട് നിർമ്മിച്ചു നൽകി പുനരധിവസിപ്പിച്ചുവരുന്നു.

ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് മത്സ്യഫെഡ്, ഫിഷറീസ് വകുപ്പുമുഖേന ജീവനോപാധികളും ധനസഹായവും നൽകിവരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ നടപടികളും സർക്കാരിതര ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ സർക്കാർ നടത്തിവരുന്നു.

(സി) സുനാമിദുരന്തത്തെത്തുടർന്ന് വീട് നഷ്ടപ്പെട്ടവരെ വിവിധ സാമൂഹ്യ-സന്നദ്ധ-രാഷ്ട്രീയസംഘടനകളുടെ സഹായത്തോടെ സ്വന്തം സ്ഥലത്തും, ദുരന്തബാധിതമേഖലയിൽനിന്നും മാറ്റിപ്പാർപ്പിക്കേണ്ടവരെ സർക്കാർ വാങ്ങി നൽകിയ സ്ഥലത്തും വീട് നിർമ്മിച്ചു നൽകി പുനരധിവസിപ്പിച്ചു വരുന്നു.

ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് മത്സ്യഫെഡ്, ഫിഷറീസ് വകുപ്പുമുഖേന ജീവനോപാധികളും ധനസഹായവും നൽകിവരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി യുദ്ധകാലാടിസ്ഥാനത്തിലുള്ള എല്ലാ നടപടികളും സർക്കാരേതര ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ സർക്കാർ നടത്തി വരുന്നു. പുനരുദ്ധാരണ നടപടികൾ തുടർന്നുവരികയാണ്. ഇതുവരെ 159 കുടുംബങ്ങളെ പുർത്തീകരിച്ച വീടുകളിലേക്ക് മാറ്റി താമസിപ്പിച്ചിട്ടുണ്ട്.

(ഡി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ദുരിതബാധിതർക്ക് ലഭ്യമാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

സുനാമി ദുരിതബാധിതർക്ക് വീടുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി

176 [177] *ശ്രീ. ടി. കെ. ദേവകുമാർ:*
" *എം. വി. ഗോവിന്ദൻ മാസ്റ്റർ:*
" *മഞ്ഞളാംകുഴി അലി:*
" *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതബാധിതർക്ക് വീടുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്കുവേണ്ടി നിർമ്മിക്കുന്ന വീടുകൾക്ക് ഓരോന്നിനും എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് പറയാമോ; ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു;

(സി) ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് പറയാമോ; സുനാമി ബാധിതരായ എത്ര കുടുംബങ്ങളെ സർക്കാർ നിർമ്മിച്ച വീടുകളിലേക്ക് മാറ്റി താമസിപ്പിച്ചിട്ടുണ്ട്;

(ഡി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വീടുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) സുനാമി ദുരിതബാധിതർക്ക് സന്നദ്ധസംഘങ്ങളും രാഷ്ട്രീയ പാർട്ടികളും മറ്റും വീടുകൾ വച്ചുനൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സുനാമി ദുരിതബാധിതർക്ക് വീടുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലായി 159 വീടുകൾ ഇതുവരെ നിർമ്മിച്ചുനൽകിക്കഴിഞ്ഞു. നിർമ്മാണത്തിലുള്ള മറ്റു വീടുകൾ ഡിസംബറിനകം പൂർത്തീകരിച്ച് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സുനാമി ദുരിതബാധിതർക്കുവേണ്ടി നിർമ്മിക്കുന്ന ഡിസാസ്റ്റർ റെസിസ്റ്റന്റ് വീടുകൾക്ക് 3.10 ലക്ഷം മുതൽ 3.70 ലക്ഷം വരെയും സാധാരണ വീടുകൾക്ക് 2 ലക്ഷം മുതൽ 2.50 ലക്ഷം വരെയും ചെലവ് പ്രതീക്ഷിക്കുന്നു. വിവിധ മത-സന്നദ്ധ-രാഷ്ട്രീയസംഘടനകളുടെ സഹായത്തോടെ 4043 വീടുകൾ നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനകം കൊല്ലം ജില്ലയിൽ 17 വീടുകളും ആലപ്പുഴ ജില്ലയിൽ 90 വീടുകളും എറണാകുളം ജില്ലയിൽ 52 വീടുകളും നിർമ്മിച്ചുകഴിഞ്ഞു.

(സി) വിവിധ മത-സന്നദ്ധ-രാഷ്ട്രീയ സംഘടനകളാണ് ഭവന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളത്. നിർമ്മാണചെലവുകളുടെ റിപ്പോർട്ട് അവരിൽ നിന്നും ഇപ്പോൾ ലഭ്യമല്ല. ഭവനനിർമ്മാണത്തിന് ആവശ്യമായ ഭൂമി സർക്കാർ നൽകുന്നുണ്ട്. 159 കുടുംബങ്ങളെ പൂർത്തീകരിച്ച വീടുകളിലേക്ക് മാറ്റി താമസിപ്പിച്ചിട്ടുണ്ട്. സർക്കാർ ഭവന നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടില്ല.

(ഡി) 2005 ഡിസംബർ അവസാനത്തോടെ ഭവന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉണ്ട്. മത-സന്നദ്ധ-രാഷ്ട്രീയ സംഘടനകൾ ഉൾപ്പെട്ട 31 ഏജൻസികളാണ് ഭവന നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളത്. പ്രസ്തുത സംഘടനകൾ 4043 വീടുകൾ നിർമ്മിച്ചുനൽകാൻ സമ്മതിച്ചിട്ടുണ്ട്. 159 വീടുകൾ ഇതുവരെ നിർമ്മിച്ചു നൽകിക്കഴിഞ്ഞു. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly